**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6207** **17-03-2023 - ൽ മറുപടിയ്ക്ക്**

**ആദിവാസി കോളനികളിലെ വൈദ്യുതീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി ഉൾവനങ്ങളിലെ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി വൈദ്യുതി ലഭ്യമല്ലാത്ത 101 പട്ടികവർഗ്ഗ കോളനികൾ കെ.എസ്.ഇ.ബി.എൽ. കണ്ടെത്തി DPR തയ്യാറാക്കുകയും ഫണ്ട് ലഭ്യമാക്കുന്നതിലേക്കായി, DPR പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർക്ക് നൽകുകയും ചെയ്തിരുന്നു. ഇതിൽ 10 കോളനികളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാക്കിയിട്ടുണ്ട്. 7 കോളനികളുടെ വൈദ്യുതീകരണ പ്രവൃത്തികൾ നടന്നു വരുന്നു. വയനാട് ജില്ലയിലെ കോളനികളിൽ പുനരധിവാസം നിർദ്ദേശിച്ചിരുന്നതിനാൽ പ്രസ്തുത കോളനികളെ ഒഴിവാക്കിയതിനു ശേഷം ഇനി ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന കോളനികൾ 25 ഉം സോളാർ വൈദ്യുതീകരണം സാധ്യമാകുന്ന കോളനികൾ 38 ഉം ആണെന്ന് കെ എസ് ഇ ബി എൽ കണ്ടെത്തിയിട്ടിട്ടുണ്ട്.<br><br>ഇനിയും വൈദ്യുതീകരിക്കാൻ സാധിക്കാത്ത ആദിവാസി കോളനികളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കാൻ സാധിക്കാത്ത ഊരുകളിൽ വൈദ്യുതി എത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് അനെർട്ട് നടത്തി വരുന്നത്. ഇവയിൽ പാലക്കാട് ജില്ലയിലെ 4 ഊരുകളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും മറ്റുള്ള കോളനികൾക്ക് അനുയോജ്യമായ പദ്ധതികൾ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. സംസ്ഥാനത്തെ എല്ലാ ആദിവാസി കോളനികളിലെ വീടുകളിലും അടുത്ത ഒരു വർഷത്തിനകം വൈദ്യുതി എത്തിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഇതുവരെ വൈദ്യുതി എത്തിക്കാൻ | (ബി) | 24.11.2022 ൽ നടന്ന യോഗത്തിൽ |

| | | | |
|---|---|---|---|
| | കഴിയാതിരുന്ന ആദിവാസി കോളനികളിലെ വീടുകളിൽ 2023 മാർച്ച് 31-ന് മുമ്പായി വൈദ്യുതി എത്തിക്കാൻ തീരുമാനമായിട്ടുണ്ടോ; വിശദമാക്കാമോ; | | കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS ൽ ഉൾപ്പെടുത്തി 25 കോളനികളുടെ വൈദ്യുതീകരണം പൂർത്തീകരിക്കുവാൻ തീരുമാനിച്ചിരുന്നെങ്കിലും RDSS പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം ഫണ്ട് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് 06.02.2023 ന് നടന്ന യോഗത്തിൽ ചർച്ച ചെയ്യുകയും 25 കോളനികളുടെ വൈദ്യുതീകരണത്തിന് ആവശ്യമായ തുകയുടെ 20% ട്രൈബൽ വകുപ്പും ബാക്കി 80% തുക കെ.എസ്.ഇ.ബി.എൽ.-ഉം വഹിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സാധ്യമായ എല്ലാ കോളനികളുടെയും വൈദ്യുതീകരണം മാർച്ച് 31-നുള്ളിൽ പൂർത്തീകരിക്കാൻ മേൽ യോഗത്തിൽ തീരുമാനിച്ചതനുസരിച്ചുള്ള നടപടികൾ നടന്നു വരുന്നു.<br><br>ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന ലിസ്റ്റിൽ ഉൾപ്പെട്ട കോളനികളുടെ വൈദ്യുതീകരണം മെയ് മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്നു കെ.എസ്.ഇ.ബി.എൽ. പ്രതീക്ഷിക്കുന്നു. |
| (സി) | ഇതിന്റെ ഭാഗമായി ലൈനുകളിലൂടെയും കേബിളുകളിലൂടെയും വൈദ്യുതി എത്തിക്കാൻ ബുദ്ധിമുട്ടുള്ള ദുർഘടമായ വനാന്തരങ്ങളിലുള്ള കോളനികളിൽ സോളാർ, ഹൈബ്രിഡ് പദ്ധതി നടപ്പാക്കാൻ അനെർട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഗ്രിഡ് വൈദ്യുതി എത്തിക്കാൻ സാധിക്കാത്തതോ ഇതിനായി വളരെയധികം വനഭൂമി ലഭ്യമാക്കേണ്ടതായോ വരുന്ന ആദിവാസി ഊരുകളിൽ വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ താഴെ തുടുക്കി ആദിവാസി കോളനിയിൽ 45 കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കുന്നതിനായി 50 കിലോവാട്ട് ശേഷിയുള്ള സോളാർ വിൻഡ് ഹൈബ്രിഡ് മൈക്രോ ഗ്രിഡ് പവർ പ്ലാന്റ് അനെർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഇതോടൊപ്പം എല്ലാ വീടുകളിലും LED ട്യൂബ് ലൈറ്റ്, ബൾബ് തുടങ്ങിയവ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ, മേലെ തുടുക്കി, ഗലസ്സി, ഊരാടം എന്നീ കോളനികൾ വൈദ്യുതീകരിക്കാനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ആദിവാസി കോളനികളിലെ വൈദ്യുതീകരണത്തിനുള്ള പദ്ധതി രൂപീകരിക്കുന്നതിനും പൂർത്തിയാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനായി ജില്ലാതല സമിതികൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന ജില്ലാതല സമിതികൾ 05.07.2021-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്.<br><br>ഊർജ്ജ വകുപ്പ് സെക്രട്ടറി കൺവീനറായും, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി വനം വകുപ്പ്, സെക്രട്ടറി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കവിഭാഗ വികസന വകുപ്പ്, ചെയർമാൻ, കെ.എസ്.ഇ.ബി.എൽ., ഡയറക്ടർ അനെർട്ട്, |

| | | | |
|---|---|---|---|
| | | | ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്, മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളായുമാണ് സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുള്ളത്.<br><br>ഓരോ ജില്ലയിലെയും ജില്ല കളക്ടർ ചെയർമാനായും അതാതു ജില്ലയിലെ കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രതിനിധി കൺവീനറായും, പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വനം വകുപ്പ് പ്രതിനിധി, ജില്ലാ പഞ്ചായത്ത് സെക്രട്ടറി, എന്നിവർ അംഗങ്ങളായുമാണ് ജില്ലാതല സമിതി രൂപീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ